## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് - വിവിധ ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിലെ എം.എഡ്, ബി.എഡ് വിഭാഗം അദ്ധ്യാപകരുടെ താൽക്കാലിക പുനർ വിന്യാസം സംവിധാനം ഒഴിവാക്കി എം.എഡ്, ബി.എഡ് വിഭാഗത്തിലെ അദ്ധ്യാപകരെ ഏകീകരിച്ച് ഉത്തരവാകുന്നു.

==========================================================================================

ഉത്തരവ് നമ്പർ :- ബി2/7720/2017/കോ.വി.വ (1)          തിരുവനന്തപുരം   തീയതി 31/07/2017

==========================================================================================

പരാമർശം:- 1. 04/11/2016 - ൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ചേംബറിൽ കോളേജ് വിദ്യാഭയാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾമാരുടെ യോഗത്തിന്റെ മിനിട്ട്സ്

2. സ.ഉ (സാ.ധാ) നമ്പർ 1310/2017/ഉ.വി.വ,തിരുവനന്തപുരം   തീയതി 11/07/2017

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറ്കടർ വിവിധ ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിൽ എം.എഡ് വിഭാഗത്തില പഠിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന താൽക്കാലിക പുനർ വിന്യാസ സംവിധാനം ഒഴിവാക്കി ബി.എഡ്, എം.എഡ് വിഭാഗത്തിലെ അദ്ധ്യപകരെ ഏകീകരിക്കുന്നതിന് തീരുമാനമെടുത്തിരുന്നു.

മേൽ പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനത്തിന് സർക്കാറിൽ നിന്ന് അനുമതി ലഭിച്ച സാഹചര്യത്തിൽ ടി താൽക്കാലിക പുനർ വിന്യാസ സംവിധാനം (Deployment/Redeployment) ഒഴിവാക്കി എം.എഡ്, ബി.എഡ് വിഭാഗങ്ങളിലെ അദ്ധ്യാപകരെ ഏകീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

**പകർപ്പ്:-**

1. എല്ലാ ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്കും
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ./01/08/2017റ

0610066

GOVERNMENT OF KERALA